# വേളം ഗ്രാമപഞ്ചായത്ത്
# സ്റ്റാറ്റസ് റിപ്പോർട്ട്

കുറ്റ്യാടി പുഴയുടെ വടക്ക് ഭാഗത്ത് വിശാലമായ നെൽപാടങ്ങളും കുന്നുകളും നിറഞ്ഞ മനോഹരവും പ്രകൃതി രമണീയവുമായ സ്ഥലമാണ് വേളം ഗ്രാമപഞ്ചായത്ത് വേളം വില്ലേജ് പരിധിയിൽ വരുന്ന വേളം ഗ്രാമപഞ്ചായത്തിന് 28.5ചതുരശ്ര കി. മീറ്റർ വിസ്തീർണ്ണമാണ് ഉള്ളത് 2011 ലെ സെൻസസ്സ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 29,000 ആണ്.

പഞ്ചായത്തിലെ ആകെ വാർഡുകൾ :17, വീടുകൾ 6340, സ്കൂൾ 12, പൊതു സ്ഥാപനങ്ങൾ 8, അംഗണവാടികൾ 29, അങ്ങാടികൾ 5, പോസ്റ്റോഫീസ് 4, കൃഷി ഭവൻ 1, വെറ്റിനറി ആശുപത്രി 1, സ്വകാര്യ ക്ലിനിക്കുകളും 4, ജനനനിരക്ക് 17, മരണ നിരക്ക് 7, മുൻവർഷങ്ങളിലെ പദ്ധതികളെല്ലാം നല്ലരീതിയിൽ തന്നെ നടത്തിയിട്ടുണ്ട്.

1963 ഡിസംബർ മാസത്തിലാണ് പഞ്ചായത്തിൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നത്. 1992 ലെ 73-ാം ഭരണഘടനാഭേദഗതിക്കനുസൃതമായി സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ സ്ഥാപിച്ചുകൊണ്ട് 1994 ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിന് ശേഷം സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കാൻ അധികാരം കിട്ടിയതിനാൽ ഒരു പാട് പദ്ധഥികൾ തയ്യാറാക്കാനും നടപ്പിലാക്കാനും സാധിച്ചു.

| വർഷം | | Plan Fund, WBA and FCG | | Maintance grant | |
|---|---|---|---|---|---|
| | | അനുവദിച്ച തുക | ചെലവഴിച്ച തുക | വരവ് | ചെലവ് |
| 1997-1998 To | 2001-2002 | 18343250 | 17182947 | | |
| 2002-2003 To | 2006-2007 | 22462162 | 17872091 | | |
| | 2007-2008 | 7336078 | 5932419 | 0 | 0 |
| | 2008-2009 | 8644659 | 5818119 | 3705417 | 2615176 |
| | 2009-2010 | 10793540 | 7886803 | 4416241 | 3442779 |
| | 2010-2011 | 11672737 | 8007027 | 4297447 | 2457168 |
| | 2011-2012 | 14342710 | 8193957 | 7831279 | 5045377 |
| | 2012-2013 | 21989489 | 17031697 | 10572902 | 6855188 |
| | 2013-2014 | 21590762 | 12085856 | 13668546 | 6727842 |
| | 2014-2015 | 33601006 | 19432890 | 20758702 | 13371808 |
| | 2015-2016 | 28825723 | 19981418 | 18575894 | 9354110 |
| | 2016-2017 | 29759883 | 14671398 | 20227188 | 3977568 |
| | 2017-2018 | 35748774 | 18473053 | 30360612 | 13102121 |
| | 2018-2019 | 38772154 | 21872309 | 31665395 | 15006344 |
| | 2019-2020 | 33977222 | 21215906 | 25742554 | 16516348 |
| | 2020-2021 | 35114486 | 30240201 | 28356708 | 19683046 |

## 1995–2021 ഭരണ സാരഥികൾ

| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് | കാലയളവ് |
|---|---|---|
| കെ. പാത്തുടീച്ചർ | കെ. പോക്കർ | 1995–2000 |
| ഇ. കെ. നാണു | എൻ.കെ. ശശീന്ദ്രൻ | 2000–2005 |
| ഇ. കെ. നാണു | എൻ.കെ.സി. മൊയ്തുഹാജി | 2005–2010 |
| കെ. സി. സൽമ | ടി.വി. കുഞ്ഞിക്കണ്ണൻ | 2010–2015 |
| വി. കെ. അബ്ദുള്ള | എം. മോളി | 2015–2020 |
| നയീമ കുളമുള്ളതിൽ | കെ.സി. ബാബു | 2020– |

# വർക്കിംഗ് ഗ്രൂപ്പ്

| | | |
|---|---|---|
| (1) | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇഗവേണൻസ്, തനത് വരുമാന വർദ്ധനവ്, മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, സേവന പ്രദാനം, മെച്ചപ്പെടുത്തൽ.മുതലായവ) | സെക്രട്ടറി |
| (2) | കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), മത്സ്യബന്ധനം, തൊഴിലുറപ്പ്പദ്ധതി, മണ്ണ് ജല സംരക്ഷണം മുതലായവ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| (3) | മൃഗസംരക്ഷണവും ക്ഷീര വികസനവും | സീനിയർ വെറ്റിനറി സർജൻ<br>ക്ഷീര വികസന ഓഫസർ. |
| (4) | പ്രാദേശിക സാമ്പത്തിക വികസനം(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ. | വ്യവസായ വികസനഓഫീസർ |
| (5) | ദാരിദ്രലഘൂകരണം (പാർപ്പിടംഉൾപ്പെടെ) | എക്സ്റ്റൻഷൻ ഓഫീസർ |
| (6) | സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, ട്രാൻസ് ജെന്റേഴ്സ് മുതലായവ) | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ |
| (7) | വനിതകളുടെയും കുട്ടികളുടെയും വികസനം പ്രോജക്റ്റ് ഓഫീസർ. | ചൈൽഡ് ഡെവലപ്മെന്റ് |
| (8) | പട്ടിക ജാതി വികസനം /പട്ടിക വർഗ്ഗ വികസനം | പട്ടികജാതി വികസന ഓഫീസർ |
| (9) | ആരോഗ്യം | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി/താലൂക്ക് ആശുപത്രി. |
| (10) | കുടിവെള്ളം ശുചിത്വം മുതലായവ | പഞ്ചായത്ത് എഞ്ചിനിയർ<br>(അസിസ്റ്റന്റ് എഞ്ചിനിയർ) |
| (11) | വിദ്യാഭ്യാസം, കലയും സംസ്കാരവും യുവജനകാര്യം | ജോയന്റ് ബി. ഡി. ഒ. |
| (12) | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | പഞ്ചായത്ത് എഞ്ചിനിയർ<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ) |
| (13) | ജൈവ വൈവിധ്യമാനേജ്മെന്റ്-കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | സെക്രട്ടറി |

## അവസ്ഥാരേഖ തയ്യാറാക്കൽ നിർദ്ദേശങ്ങൾ

1 25 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം, നേട്ടം, പോരായ്മ, പ്രശ്നം കണ്ടെത്തുക, പരിഹാര നടപടി എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കുക.

2 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും താരതമ്യം ചെയ്യുന്ന 25 വർഷത്തെ വിഷയം കൈവരിച്ച പ്രോജക്ട് പ്രധാനപ്പെട്ടവ പരാജയപ്പെട്ട പ്രൊജക്ട് കാരണങ്ങൾ നിഗമനങ്ങൾ.

2021-22 വർഷത്തെ വാർഷിക പദ്ധതി ഫോറം 5 ൽ തയ്യാറാക്കുക.

വെല്ലുവിളി , പ്രശ്ന വിശകലനം പരിഹാര സാധ്യത ഫോറം 6 ൽ വികസന പരിപ്രേക്ഷം ഫോറം 7 ൽ

## സാമൂഹ്യ നീതി

പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ട അതി പ്രധാന മേഖലകളിൽ ഒന്നാണ് സാമൂഹ്യനീതി. ജനകീയ പങ്കാളിത്തത്തോടെ സാമൂഹ്യ നീതി കൈവരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 1996 മുതൽ നിരവധി പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സമൂഹത്തിൽ കൂടുതൽ പരിഗണന അർഹിക്കുന്ന വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കുട്ടികൾ, പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങൾ അഗതി-ആശ്രയ വിഭാഗങ്ങൾ, അതിഥിതൊഴിലാളികൾ തുടങ്ങിയവരുടെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി മാതൃകാപരമായ പ്രവർത്തനങ്ങൾ 13-ാം പഞ്ചവൽസര പദ്ധതികാല്ത്ത് നടത്തിയതിന്റെ ഫലമായി ജവിത നിലവാരവും അന്തസ്സും വർദ്ധിപ്പിക്കുന്നതിന് പൊതുസമൂഹത്തിന്റെ പിന്തുണയോടെ ഗ്രാമപഞ്ചായത്ത് പുതിയ പുതിയ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

### അംഗണവാടി

1996ന് മുമ്പ് വേളം ഗ്രാമപഞ്ചായത്തിൽ ഒരു ശിശുമന്ദിരം മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. 1999ൽ ICDSന്റെ 24 അംഗണവാടികൾ നിലവിൽ വന്നു തുടർന്ന് 5 അംഗണവാടികൾ കൂടി അനുവദിച്ചു. ഇപ്പോൾ 29 അംഗണവാടികൾ പ്രവർത്തിക്കുന്നു. 29 ൽ 25 അംഗണവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 4-ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗണവാടിക്ക് സ്വന്തമായി കെട്ടിടം അനുവദിക്കുന്നതിന് നാട്ടുകാർ സംഭാവനയായി നൽകിയ സ്ഥലത്ത് അംഗണവാടി ഉണ്ടാക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. നിലവിൽ 4 അംഗണവാടികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്. അതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നുണ്ട്.

പോഷകാഹാര വിതരണത്തിനു ആവശ്യമായ ഫണ്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ചുറ്റുമതിൽ, ടൈൽസ് പതിക്കൽ, പെയിന്റിഗ് , റിപ്പയർ വർക്ക് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ഉടനെ പൂർത്തീകരിക്കുന്നതിന് കഴിയും.

### ബഡ്സ് സ്കൂൾ

ഭിന്നശേഷിക്കാർക്ക് വേണ്ടി 10-ാം വാർഡിൽ മാമ്പ്രമലയിൽ ആധുനികസൗകര്യങ്ങളോടു കൂടി മനോഹരമായ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കുന്നുമ്മൽ ബ്ലോക്കിൽ ഇത്തരത്തിലുള്ള ബഡ്സ് സ്കൂൾകെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞത് നമ്മുടെ വേളം പഞ്ചായത്തിനാണ്. മുൻ എം. എൽ. എ മാരായ ശ്രീമതി കെ. കെ. ലതിക, ശ്രീമാൻ പാറക്കൽ അബ്ദുള്ള എന്നിവരുടെ ഫണ്ടുകൾകൂടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | M. R. | 75 |
| | Other | 21 |

### പകൽ വീട്

വയോജനങ്ങളുടെ പുനരധിവാസം ലക്ഷ്യമാക്കി 15 -ാം വാർഡിൽ പുത്തലത്ത് പ്രവർത്തിച്ച് വരുന്നു. വീടുകളിൽ ഒറ്റപ്പെട്ടുകഴിയുന്ന വയോജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനും ഈ സ്ഥാപനത്തെ ഉപയോഗിച്ചുവരുന്നുണ്ട്. വയോജനങ്ങൾക്ക് കൂടുതൽ സേവനങ്ങൽ ലഭ്യമാക്കുന്നതിന് ജീവനക്കാർ ഉൾപ്പെടെ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. വേളം-പെരുവയൽ ഭാഗത്ത് ഇത്തരത്തിലുള്ള പകൽവീട് സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

### ബാലസൗഹൃദ പഞ്ചായത്ത്

കുട്ടികളുടെ ക്ഷേമത്തിനും മാനസിക, കായിക, ഭൗധിക വികസനം ലക്ഷ്യമാക്കി നിരവധി പദ്ധതികളള്‍ ഗ്രാമപഞ്ചായത്ത് നേരിട്ടും ICDS പരിപാടിയുടെ കഴിൽ അംഗനവാടികൾ മുഖേന നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി ആരോഗ്യപരമായ വളർച്ചയും മാലസിക വികസനവും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളും ജാഗ്രതാസമിതികളും എല്ലാവാർഡുകളിലും രൂപീകരിച്ച് പ്രവർത്തിക്കുന്നു.

**ബാല സൗഹൃദ പഞ്ചായത്ത് അനിവാര്യമായ ഇടപെടലുകൾ**

1 കുട്ടികൾക്കായുള്ള ഗ്രാമ സഭ , ബാലസഭ ജാഗ്രതാസമിതികൾ ശാക്തീകരിക്കേണ്ട തുണ്ട്.
2. ഭിന്നശേഷിക്കാർക്ക് സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നതിനും മാനസിക ഉല്ലാസം നേരിടുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.
3. തൊഴിൽ നൈപുണ്യ പരിശീലനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്
4. കുട്ടികളുടെ ഗ്രാമസഭ എല്ലാവാർഡുകളിലും വിളിച്ചുചേർക്കുക.
5. നീന്തൽ പരിശീലനം യോഗ, കായിക പരിശീലനം എല്ലാവർക്കും നൽകുക.

**ഭിന്നശേഷിശാത്കീകരണ പദ്ധതികൾ**

ഭിന്നശേഷിക്കാർക്ക് യാത്രാസൗകര്യം
ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം
ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ

## ഫോം നമ്പർ 3 വിജയം കൈവരിച്ച പ്രൊജക്ടുകൾ

1 അംഗണവാടി പൂരക പോഷകാഹാരം
2 സ്വാന്തന പഠനകേന്ദ്രം നടത്തിപ്പ്
3 ഭിന്നശേഷി സ്കോളർഷിപ്പ് (എണ്ണം)
4 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം (എണ്ണം)
5 അംഗണവാടിക്കാർക്ക് ഗ്യാസ് കണക്ഷൻ
6 അംഗണവാടികൾക്ക് ഫർണ്ണിച്ചർ
7 അംഗണവാടികൾക്ക് പഠനോപകരണം
8 അംഗണി വാകൾക്ക് കളിക്കോപ്പ്
9 ബഡ്സ്സ്കൂൾ പഠനമുറി
10 ബഡ്സ് സ്കൂളിന് ടെലിവിഷൻ
11 വയോജന ക്ഷേമ പരിപാടികൾ
കട്ടിൽ വിതരണം, പകൽ വീട്, വയോജനസംഗമം, പാലിയേറ്റീവ് സംഗമം, മെഡിക്കൽ ക്യാമ്പ്
12 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയത്

## പ്രധാന ഇടപെടലുകൾ

മൃഗ സംരക്ഷണ വകുപ്പിന്റെ തുടക്കകാലം മുതൽക്ക്തന്നെ പ്രധാനമായും മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിൽ ഒന്നാണ് മൃഗസംരക്ഷണവും പരിപാലനവും. അതിലൂടെയുള്ള ഗ്രാമങ്ങളുടെ ഉന്നമനവും മൃഗസംരക്ഷണത്തിലൂടെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യമായി ഇവിടെ കണക്കാക്കുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഏറെ സഹായിക്കുന്ന ഓരോ പഞ്ചായത്തുകളിലും പ്രവർത്തന സജ്ജരായിട്ടുള്ള മൃഗാസ്പത്രികൾ വഴിയാണ്.

മൃഗസംരക്ഷണ മേഖല പ്രധാന ഇടപെടലുകളായി കാണപ്പെടുന്ന പ്രധാനമായ ഒന്നാണ് പാലുത്പാദനം. പാലുത്പാദനം വർദ്ധിച്ചതോടെ കർഷകർക്ക് മെച്ചപ്പെട്ട ഒരു ജീവിത നിലവാരം നൽകാൻ ക്ഷീര വികസനത്തിലൂടെ സാധിക്കുന്നുണ്ട്. നല്ലയിനം കറവപ്പശുക്കളെ ലഭ്യമാക്കുക, പശുക്കളെ വാങ്ങിക്കുവാൻ സംബ്സിഡി നൽകുക, കന്നുകുട്ടിപരിപാലനത്തിലൂടെ മെച്ചപ്പെട്ട പശുക്കളെ വളർത്തിയെടുക്കുക കാലിത്തീറ്റ സംബ്സിഡിയിലൂടെ നൽകുക. മൃഗാശുപത്രികൾ വഴി പശുക്കൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക കാലിത്തൊഴുത്ത് നിർമാണത്തിനാവശ്യമായ ധനസഹായം ഏർപ്പെടുത്തുക. പാല് സംഭരണത്തിനും വിപണനത്തിനുമായി ക്ഷീരസംഘങ്ങൾ ആവിഷ്കരിക്കുക രാത്രികാല ചികിത്സക്കായ ഡോക്ടറുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ അമിതമായി പാലുത്പാദന വർദനവിനും ആയതിലൂടെ ഇനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പോഷകാഹാരത്തിനും കാരണമായിട്ടുള്ള പ്രധാന ഇടപെടലുകളാണ്.

മാംസ ഉത്പാദനത്തിന് പ്രധാനമായും സ്വീകരിച്ച വഴി എന്നത് ആട്/പോത്ത് വളർത്തൽ എന്നീ പദ്ധതികളിലൂടെ ആയിരുന്നു. കഴിഞ്ഞ 25 വർഷങ്ങളിലായി 2000 ആടുകളെ വിവധ പദ്ധതികളിലൂടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 200 പോത്തുകളും വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

25 വർഷങ്ങളിലായി പഞ്ചായത്തിലെ മൃഗാശുപത്രിക്ക് വേണ്ടി വിതരണം ചെയ്യപ്പെട്ട 40000 മുട്ട കോഴികളിലൂടെ മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സമീകൃതമായ മാംസ ഉത്പാദനത്തിനും അത് കാരണമായിട്ടുണ്ട്.

## മാറ്റങ്ങൾ നേട്ടങ്ങൾ

പശുക്കളുടെ എണ്ണം വിവിധ പദ്ധതികളിലൂടെ വർദ്ധിച്ചതിനാൽ പഞ്ചായത്തിൽ വിവിധ ക്ഷീരസംഘങ്ങളിലൂടെ അളക്കുന്ന പാലിന്റെ അളവ് വർധിച്ചിട്ടുണ്ട്. പശുക്കളുടെ പരിപാലനത്തിൽ ഏർപ്പെടുന്ന കർഷകരുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിലൂടെ മാത്രം കഴിഞ്ഞ 25 വർഷങ്ങളായി 250 ഓളം പശുക്കളെ പഞ്ചായത്തിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 2000 വരുന്ന പശുക്കളിലായി 20000 ലിറ്റർ പാല് ആണ് വേളം പഞ്ചായത്തിൽ ഒരുദിവസം ഉത്പാദിപ്പിക്കുന്നത്.

മാംസ ഉത്പാദനത്തിനായി ആടുകൾ, പോത്തുകൾ, കോഴികൾ എന്നിവയെ വളർത്തുന്ന കർഷകരുടെ എണ്ണം വർധിച്ചിട്ടുണ്ട്. 25 വർഷങ്ങളിലായി 2000 ആടുകളെയും, 100 ഓളം പോത്തുകൾ, 40,000 കോഴികൾ എന്നിവയെ വിവധ പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. 100 പോത്തുകളിൽനിന്നും 15 ടൺ മാംസവും, 40,000 പക്ഷികളിൽ നിന്ന് 40 ടൺ മാംസവും, 60 ലക്ഷം മുട്ടയും ഉത്പാദനം നടത്താൻ സാധിച്ചു. 2000 ഓളം വരുന്ന ആടുകളിൽ നിന്നും വിൽപനയ്ക്കുള്ള വർഷത്തിൽ ഒന്നര കുട്ടികൾ എന്ന തോതിൽ 6000 കുട്ടികളെ ഉത്പാദിപ്പിക്കാനും ആനുപാതികമായി മാംസവും ഉത്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കാൻ സാധിച്ചു.

**പോരായ്മകൾ**

- നല്ലയിനം കറവപ്പശുക്കളെ ഉത്പാദിപ്പിക്കുന്നതിനായി വളരെ അത്യാവശ്യമായ ഒന്നാണ് കന്നുകുട്ടി പരിപാലനം. ഇന്നത്തെ കന്നുകുട്ടിയാണ് നാളത്തെ കറവപ്പശുക്കൾ ആകുന്നുവെന്നതിനാൽ കന്നുകുട്ടിപരിപാലനത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.
- കറവപ്പശുക്കളെ അന്യ സംസ്ഥാനത്ത്നിന്നും കൊണ്ടുവരുന്ന പ്രവണത ക്ഷീരകർഷകർക്ക് കഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടാക്കുന്നതിനും ഇടയാകാറുണ്ട്.
- പദ്ധതിയുടെ ഭാഗമായി പശുക്കളെ ഇൻഷൂർ ചെയ്യേണ്ടതിനാൽ ഏജൻസികൾ ഏർപ്പെടുത്തുന്ന ഭീമമായ ഇൻഷൂറൻസ് തുക കർഷകരെ വിവിധ പദ്ധതികളിൽനിന്നും പിൻവലിക്കാൻ കാരണമായിട്ടുണ്ട്.
- പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷീരസംഘങ്ങളുടെ യഥാക്രമമുള്ള വിന്യാസമില്ലായ്മ പരിഹരിക്കേണ്ടതായുണ്ട്.
- ഓരോ പദ്ധതികളും മൂലധനം എന്നോളം കർഷകർ കണ്ടെത്തേണ്ടിവരുന്ന തുക ഉള്ളതിനാൽ ഗുണഭോക്താക്കളെ പദ്ധതിയിൽനിന്നും ഉൾവലിയിക്കുന്നതിന് കാരണമാകാറുണ്ട്.
- ഉരുക്കളുടെ ചികിത്സയും പദ്ധതി നിർവ്വഹണം, തുടങ്ങി ജോലികൾ എല്ലാം തന്നെ ഒരേ ഒരു ഡോക്ടർ എന്ന നിലയിൽ നിർവഹിക്കേണ്ടി വരുന്നത് രണ്ട് ജോലിയുടെയും ക്ഷമത കുറയുന്നതിന് കാരണമാകാറുണ്ട്.

**ഓരോ പഞ്ചവൽസരപദ്ധതികളിലും സ്വീകരിച്ച വികസന തന്ത്രം**

**പഞ്ചവൽസര പദ്ധതികൾ**

- മുട്ടകോഴികളുടെ എണ്ണം വർധിപ്പിക്കുക, കൂടുതൽ ഗുണഭോക്താക്കൾക്ക് മുട്ടകോഴികളെ വിതരണം ചെയ്യുക
- വനിതകൾക്ക് ആട് വളർത്തൽ പദ്ധതികളിലൂടെ കൂടുതൽ ആടുകളെ ലഭ്യമാക്കുക.
- മാംസ ഉത്പാദനം വർദിപ്പിക്കുന്നതിനായി കൂടുതൽ പോത്ത്കുട്ടികളെ വിതരണം ചെയ്യുതു.
- കന്നുകുട്ടി പരിപാലിക്കുന്നതിനാവശ്യമായ തുക വർദിപ്പിച്ചു.
- മൃഗാശുപത്രികളുടെ ആടിസ്ഥാന സൗകര്യങ്ങൾ വർദിപ്പിക്കുന്നതിനുള്ള തുക വകയിരുത്തി.
- കാലിത്തീറ്റ സംബ്സിഡി ഏർപ്പെടുത്തി ലഭ്യമാക്കി
- ഉരുക്കുകളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ തുക കൂടുതൽ വകയരുത്തി
- രാത്രികാല ചികിത്സാ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി.
- കറവപ്പശുക്കളുടെ എണ്ണംവർദ്ധിപ്പിക്കുന്നതിനായി വനിതകൾക്ക് പശുവളർത്തൽ പദ്ധതിയിലൂടെ കൂടുതൽതുക വകയിരുത്തി
- പശുക്കളുടെ വളർത്താനാവശ്യമായ കാലിത്തൊഴുത്തു നിർമാണ പദ്ധതികൾ നടപ്പിലാക്കി.

**വിജയം കൈവരിച്ച പ്രൊജക്ടുകൾ**

1 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ
2 ആട് വളർത്തൽ പദ്ധതികൾ
3 മുട്ടക്കോഴി വളർത്തൽ പദ്ധതികൾ

പരാജയപ്പെട്ട പ്രൊജക്ടുകൾ, ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്ത പ്രൊജക്റ്റുകൾ ഇല്ല

ഉപയോഗിക്കാതെ കിടക്കുന്ന, പാതിവഴിയിൽ ഉപേക്ഷിച്ച പ്രൊജക്റ്റുകൾ ഇല്ല

## പ്രാദേശികം സാമ്പത്തികം

കേരളത്തിലെ വൈവിധ്യമാർന്ന സാംസ്കാരിക പൈതൃകങ്ങളുടെ സഞ്ചിത ഭൂമിയായ മലബാറിലെ ഉൾനാടൻ പ്രദേശങ്ങൾ കൂടിച്ചേർന്നതാണ് വേളം ഗ്രാമ പഞ്ചായത്ത്. നഗരപുരോഗതി പതുക്കെ കടന്ന് ഗ്രാമപ്രദേശത്തിന്റെ ഹൃദയഭാഗങ്ങളിലേക്ക് കടന്നെത്തി പഞ്ചായത്ത് രാജ് നിയമത്തിന്റെ ഫലപ്രദമായ പ്രയോഗം കാരണമായിട്ടുണ്ട്. തൊണ്ണൂറുകളുടെ ആദ്യപദത്തിൽ കൊണ്ടുവന്ന ഈ നിയമം കേരളത്തെ സംബന്ധിച്ചെടുത്തോളം ഗണ്യമായഗ്രാമ പുരോഗതി കൈവരിക്കാൻ പര്യാപ്തമാവുന്ന ഒന്നായിരുന്നു. അതിന്റെ അലയൊലികൾ വേളം ഗ്രാമപഞ്ചായത്തിനെയും മെല്ലെ മെല്ലെ സർവ്വതോന്മുകമായ പുരോഗതിയുടെ വെളിച്ചത്തിലേക്ക് നടക്കുവാൻ വളരെയെറെ സഹായിച്ചു.

1996 ൽ വികേന്ദ്രീകരണത്തിന്റെ ബാലപാഠങ്ങൾ ഉരുവിട്ടുകൊണ്ട് നിന്ന എല്ലാ പഞ്ചായത്തുകളെയും പോലെ വേളംപഞ്ചയത്തിലും പുരോഗതിയുടെ പൊൻകിരണങ്ങൾ കടന്നു വന്നു. 1996 ചെറുകിട വ്യവസായങ്ങളോ സൂഷ്മസംരംഭങ്ങളോ സഹകരണമേഖലയിലെ സംരംഭങ്ങളോ ഉണ്ടായിരുന്നില്ല. ലഭ്യമായ രേഖകൾ പ്രകാരം 1998-ലെ കുടുംബശ്രീ മുഖേന പലചരക്ക് വ്യാപാരം, തയ്യൽ പരിശീലനം, ബേക്കറി പലഹാര നിർമാണം, ക്ഷീരവികസന സംരംഭങ്ങൾ, വെളിച്ചെണ്ണ, കൊപ്രസംബന്ധമായ മില്ലുകൾ ,പച്ചക്കറി ഇടവിള കൃഷിസംബന്ധമായ കൂട്ടായ്മകൾ എന്നിവ പ്രവർത്തനമാരംഭിച്ചു. അവയിൽ ചിലത് എറെക്കാലം മുന്നോട്ടുപോവുകയും ചെയ്തു. 2010ൽ വീണ്ടും ക്ഷീര മേഖലയിൽ പുതിയകുറേ സൂഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും കുറേയധികം കുടുംബങ്ങൾക്ക് നിത്യവൃത്തി കഴിക്കാൻ ഉതകുന്ന തരത്തിൽ വളരുകയും ചെയ്തു. പലചരക്ക് പലവെഞ്ജന സംബന്ധമായ സൂഷ്മ സംരംഭങ്ങളെയും ഇവയിൽ എടുത്ത്പറയേണ്ടതുണ്ട്.

വീണ്ടുമൊരു ഘണ്യമായ മാറ്റം പ്രകടമാകുന്നത് 2014-ന് ശേഷമാണ്. 2014-ന് ശേഷം 10 പേർഅടങ്ങുന്ന ഒരു കുടുംബശ്രീ ഗ്രൂപ്പ് (നിള) എന്ന പേരിൽ ഒരു വാടക സ്റ്റോർ ഇക്കാലമത്രയും വിജയം കൈവരിക്കുകയും ചെയ്തു. നന്മ എന്ന പേരിൽ 7 കുടുംബശ്രീ അംഗങ്ങൾ ആരംഭിച്ച ഒരുമ ടൈലറിംഗ് യൂണിറ്റ്, 2018ലും,2019ലും ആരംഭിച്ച മറ്റ് രണ്ട് ടെയിലറിംഗ് യുണിറ്റുകൾ ഗ്രാമകം എന്ന പേരിൽ ആരംഭിച്ച വ്യക്തിഗത ഫാൻസി, നാസ് ട്യൂഷൻ സെന്റർ ഹരിതം വെജിറ്റബിൾ & ഫ്രൂട്സ് (വെക്തിഗതം) ബി.എസ്.എ കമ്പ്യൂട്ടർ സെന്റർ എന്നിവയെല്ലാം നിലവിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത് കൂടാതെ അജൈവ പേപ്പർ പ്ലേറ്റ് യൂണിറ്റ്, താളലയം ശിങ്കാരിമേളം യൂണിറ്റ് എന്നിവയും അടുത്തകാലത്തായി ആരംഭിച്ചു മുന്നോട്ട് പോകുന്നു. ഇത്തരം സൂഷ്മ സംരംഭങ്ങളുടെ വിജയം കൂടുതൽപേർക്ക് സധൈര്യം സംരംഭത്തിലേക്കും ചുവടുവെയ്ക്കാനുള്ള ഊർജം പ്രധാനം ചെയ്യുന്നു. വേളം പഞ്ചായത്തിൽ നിലവിൽ 52 ഒളം ഗ്രൂപ്പുകൾ സജീനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെ ലിങ്കേജ് വായപ എടുത്തിട്ടുള്ള 161 ൽ കൂടുതൽ ഗ്രൂപ്പുകളും പ്രാദേശികസാമ്പത്തിക വികസനത്തിന്റെ ചെറിയ ചെറിയ പങ്കാളികളാണ്. 20ൽപരം അംഗങ്ങളുള്ള അഞ്ചോളം പാട്ടകൃഷി ഗ്രൂപ്പുകളും ഇവിടെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുരുഷ സ്വയം സഹായസംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ വ്യക്തമായ കണക്കെടുപ്പ് നടത്താവുന്ന തരത്തിലുള്ള ഒരു നിയന്ത്രണം സഹായ സംവിധാനങ്ങൾ നിലവിൽ ഇല്ലാത്തത് അവയുടെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് പലപ്പോഴും വികാതമാവുന്നുണ്ട്.

ഇത്തരം പദ്ധതികളിലെ ആവർത്തന സ്വഭാവമാണ് വലിയ ഒരു പോരായ്മയായി എടുത്തുപറയാൻ സാധിക്കുന്നത്. നൂതന ആശയങ്ങളുടെ അഭാവം നമ്മുടെ പ്രവർത്തനങ്ങളുടെ ഗണ്യമായ തോതിലുള്ള പുരോഗതിയെ പുറകോട്ട് വലിക്കുന്ന ഒരു ഘടകമാണ് കാണാൻ കഴിയു. മറ്റൊന്ന് ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളായി മാറേണ്ടവരുടെ തന്നെ നിഷ്ക്രിയത്വം കൊണ്ടുണ്ടാവന്ന മന്ദത സമയബന്ധിതമായി തീർക്കേണ്ട പദ്ധതികൾ നീണ്ടുപോകാൻ ഇടവരുത്തുന്നതായും കാണാൻ സാധിക്കും.

## വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാരസാധ്യതകൾ

സുരക്ഷാ സംരംഭങ്ങൾ വളരെയധികം ആരംഭിംക്കപ്പെടുന്നുണ്ടെങ്കിലും ചെറുകിട വ്യവസായ സംരംഭങ്ങളുടെ അഭാവം അവഗണിക്കാൻ സാധിക്കാത്ത ഒരു യഥാർത്ഥ്യമാണ്. അടിസ്ഥാന സൗകര്യ വികസനത്തിലെ ബലഹീനതകളെ മറികടന്ന് മുന്നോട്ട് പോകുകയാണെങ്കിൽ ഒരുപാട് ചെറുകിട ഇടത്തര വ്യവസായ സംരംഭങ്ങൾ ഉയർന്നുവരാനുള്ള സാധ്യതകൾ നമുക്കുമുന്നിലുണ്ട്. കുടിൽ വ്യവസായങ്ങൾ കൂടുതലായി പരിചയപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആ മേഖലയിലേക്ക് ജനങ്ങളുടെ ശ്രദ്ധക്ഷണിക്കാൻ കാരണമാകും. മാലിന്യ നിർമാർജ്ജനം ഓരോ വെക്തികളുടെയും ഉത്തരവാദിത്വം ആണെന്ന അവബോധം സൃഷ്ടിക്കാൻ സാധിക്കുന്നത് ഹരിത കർമസേന പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളെ ഒട്ടധികം ബാധിക്കുന്ന കാര്യമായി നിലനിൽക്കുന്നുണ്ട്.

കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതികളുടെ ഫലപ്രദമായ പ്രവർത്തനം കൂടുൽ പേരെ സഹായിക്കുമെന്നതിൽ സംശയമില്ല.

സംയോജന സാധ്യതകൾ.

പ്രദേശിക സാമ്പത്തിക വികസനത്തിന് കുടുംബശ്രീ രൂപീകരണം എങ്ങനെ സഹായിച്ചോ അതിലുപരി സാധ്യതകളുള്ള പദ്ധതിയാണ് തൊഴിലുറപ്പ്. ഇതിലൂടെ ദാരിദ്ര ലഘൂകരണം വളരെ ഫലപ്രദമായി നടത്തപ്പെട്ടിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എന്നാൽ ഇനിയും ഒരുപാട് സാധ്യതകൾ കുടുംബശ്രീയുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും സംയോജനത്തിലൂടെ സാധ്യമാക്കാവുന്നതാണ്. സ്വയം തൊഴിൽ പദ്ധതികളുടെ അടിസ്ഥാന സൗകര്യം വികസനം തൊഴിലുറപ്പിലൂടെ ഇപ്പോൾതന്നെ ചെയ്തു വരുന്നുണ്ട്. അതിന്റെ വിപുലീകരണം അഭികാമ്യമാക്കുന്നതിൽ സംശയമില്ല. അത്പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവധ തട്ടുകളുടെ പദ്ധതികൾ നവീകരിക്കുന്നതിലൂടെ ഫലപ്രദമായ ഇടപെടൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് നൽകാൻ സാധിക്കും. വേളം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിലൂടെ വ്യക്തിഗത ആസ്തി നിർമാണത്തിലൂടെ സ്വയംതൊഴിൽ സംരംങ്ങൾക്ക് അടിസ്ഥാന സൗകര്യം വികസനം വളരെ നല്ലരീതിയിൽ നടന്നുവരുന്നുണ്ട്. ഹരിതകർമസേനാ പ്രവർത്തനങ്ങൾ മാലിന്യ നിർമാർജ്ജനത്തിൽനിന്ന് ഒരു പടികൂടി കടന്ന് കൂടുതൽ വരുമാനദായകമായ തൊഴിൽ സംരംഭങ്ങളിലേക്ക് കൂടി വ്യാപിച്ച് സ്ഥിരവരുമനം ഉറപ്പ് വരുത്തുന്ന സംവിധാനമായി മാറേണ്ടുതുണ്ട്.

പരംബരാഗത വ്യവസായങ്ങളുടെ പുനർജ്ജീവനത്തിന് കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതികളുടെ സംയോജനത്തിലൂടെ എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ച് സാധ്യതകൾ ഉപയോഗപ്പെടുത്താനാകുന്ന മേഖലയാണ് കുടിൽ വ്യവസായം ഇനിയും കൂടുതൽ സംരംഭങ്ങൾ ഉയർന്നു വരേണ്ടതുണ്ട്. തുലാറ്റുംനടയിൽ പ്രവർത്തിക്കുന്ന വ്യവസായ പാർക്ക് സംരംഭകത്വിന്റെ വിജയവഴികളിൽ എടുത്തുപറയേണ്ട പേരുകളിൽ ഒന്നാണ്. 3ാം വാർഡിൽ പ്രവർത്തിക്കുന്ന പരംബരാഗത കളിമൺ പാത്ര നിർമാണ യൂണിറ്റുകൾ ഇരുപതോളം കുടുംബങ്ങൾക്ക് ജീവനോപാധിയായി വർത്തിക്കുന്നുണ്ട്. 13ാം വാർഡിലെ കാലിതീറ്റ യൂണിറ്റും വളരെ വിജയകരമാണ്.

# വികസന പരിപ്രേഷ്യം

വേളം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ കുടികൊള്ളുന്നത് കാർഷിക മേഖലയുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയുടെ സമഗ്രമായ പുരോഗതി ദീർഘകാല അടിസ്ഥാനത്തിൽ വികസിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കാർഷിക മേഖലയുടെ പുരേഗതിയിലേക്ക് നയിക്കാൻ മുഴുവൻ തരിശുകളും കൃഷിക്ക് ഉപയോഗിക്കാവുന്ന തരത്തിൽ മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്. കാർഷിക രംഗ നൂതന ഉപകരണങ്ങൾ ഉപയോഗിച്ച് പ്രയത്നം കുറച്ച് കൂടുതൽ വരുമാനദായകമാക്കി മാറ്റേണ്ടതുണ്ട്. പാടശേഖരങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള സംവിധാനവും മുന്നോട്ടുള്ള പ്രയാണത്തിൽ മുതൽകൂട്ടായി മാറുന്നതാണ്. മറ്റൊരു മേഖല അടിസ്ഥാന സൗകര്യവികസനമാണ് സർവ്വതോനമുഖമായ പുരോഗതിയിലേക്ക് നയിക്കുന്നതിന് അടിസ്താന സൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. ചെറുകിട വ്യവസായങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള അസംസ്കൃത വസ്തുക്കളുടെ അഭാവത്തിൽ ലഭ്യമായ വസ്തുക്കളിൽ നിന്നുള്ള അനിയോജ്യ സംരംഭങ്ങൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത് ആവശ്യമാണ്.

# ദാരിദ്ര്യ ലഘൂകരണം

## 1996-ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1196- കാലഘട്ടങ്ങളിൽ ഏകദേശം 4639 വീടുകളിൽ 1708 കുടിലുകളും 989 ഓലവീടും 1565 ഓടുട്ട വീടും 377 ടെറസ്സ് വീടുകളുമാണ് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ ഏകദേശം 8625 വീടുകളിൽ 80% വീടുകളും കോൺക്രീറ്റ് വീടുകളാണ്. ഗൾഫ് പണത്തിന്റെ വരവോടു കൂടി കൂടുതൽ കോൺക്രീറ്റ് വീടുകൾ ഉയർന്നുവരികയും സാമ്പത്തികമായി പിന്നോക്കം നിൽക്കാന്നവർക്കായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ആനുകൂല്യങ്ങൾ വീടുവയ്ക്കാൻ ലഭിച്ചതോടുകൂടി കുടിലുകളിൽനിന്നും ഓലമേഞ്ഞവീടുകളിൽനിന്നും മാറ്റം വന്നു.

ഈ മേഖലയിൽ ജനങ്ങളുടെ ജീവിത നിലവാരം കേരളത്തിലെ മൊത്തം സ്ഥിതി വിലയിരുത്തിയാൽ ശരാശരിക്കും മേലെയാണെന്ന് വിലയിരുത്തേണ്ടിവരും. നിർമാണരംഗത്തുണ്ടായ വളർച്ചയുടെ ഫലമായി നിർമാണമേഖലയിൽ വിദഗ്ധരായ ജോലിക്കാരെയും സൃഷ്ടിക്കുവാൻ കഴുഞ്ഞു. കാർഷിക മേഖലയിൽനിന്ന് ലഭിക്കുന്നതിനേക്കാൾ വരുമാനം നിർമാണ മേഖലയിൽ ലഭിക്കുവാൻ തുടങ്ങിയതോടെ സ്ത്രീകളും ഈ രംഗത്ത് സജീവമാകാൻ തുടങ്ങി.

## ഇരുപത്തിയഞ്ചു വർഷത്തെ വിലയിരുത്തൽ

2001 മുതൽ 2008-2009 കാലയളവിൽ ഏകദേശം 150 ഓളം വീടുകൾ കേന്ദ്ര ഗവൺമെന്റിന്റെ **JAY** പോലെയുള്ള പദ്ധതികളിലൂടെയും, ജനകീയാസൂത്രണ പദ്ധതിയിലൂടെയും വീട് നിർമിക്കുന്നതിന് ധന സഹായം ലഭിച്ചിട്ടുണ്ട്. 2010-11, 2009-10 വർഷങ്ങളിൽ 170 ഇ.എം.എസ് വീടുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ പ്രധാനപ്പെട്ട മിഷനുകളിൽ ഒന്നായ ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017 -18 മുതൽ 2020-21 വരെ 250 വീടുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുകയും വീട് നിർമിക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1996 കാലഘട്ടത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് അധികവും ഉപകുടുംബങ്ങളായിട്ട് ഒന്നിച്ചാണ് താമസിച്ചിരുന്നത് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വീട് നിർമിച്ച് മാറി താമസിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നാൽ കാലാകാലമായി വിവിധ സർക്കാറുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളും എസ്.സി ഡിപ്പാർട്ട്മെന്റിൽ നിന്നും പഞ്ചായത്തിൽനിന്നും വീട് നിർമാണത്തിന് സ്ഥലം ലഭ്യമാകാൻ തുടങ്ങിയതോടെ പാർപ്പിട പ്രശ്നത്തിന് ഭാഗികമായി പരിഹാരം കാണാൻ കഴിഞ്ഞു.

ഇപ്പോൾ പഞ്ചായത്തിൽ എസ്.സി വിഭാഗത്തിൽപെട്ട 90% പേർക്കും വീട് നിർമാണത്തിന് ധനസഹായം ലഭിചിട്ടാണ്ട്.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ദ അർദ്ധവിദഗ്ദ തൊഴിൽ ചെയ്യാൻ സന്നദ്ധയുള്ള ഏതൊരു കുടുംബത്തിനും സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിലുറപ്പ് നൽകുന്നതിലൂടെ ദാരിദ്ര്യലഘൂകരണത്തിനുള്ള സാധ്യതകളാണ് തൊഴിൽ പദ്ധതിയിലൂടെ നേടാൻ സാധിച്ചത്. ഏകദേശം നമ്മുടെ പഞ്ചായത്തിൽ 2200 തൊഴിലാളികൾ സ്ഥിരമായി തൊഴിലുറപ്പിന് പോകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 8 കോടിയോളം ചിലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമാർജനം ലക്ഷ്യമാക്കി 1998 ൽ നിലവിൽവന്ന സ്ത്രീ ശാക്തീകരണ സംഘടനയാണ് കുടുംബശ്രീ. നമ്മുടെ പഞ്ചായത്തിൽ ആകെ 207 കുടുംബശ്രീകൾഉണ്ട് ആശ്രയ പദ്ധതിയിൽ 89 പേർ ഉൾപ്പെട്ടിട്ടുണ്ട്. മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് ലിങ്കേജ് ലോൺ നൽകുന്നതിലൂടെ വനിതകൾക്ക് ഏറെക്കുറെ സ്വയം പര്യാപ്ത നേടാൻ കഴിഞ്ഞിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് കോഴി വളർത്തൽ, പശു വളർത്തൽ, എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

അംഗവൈകല്യം, അവശത, വാർദ്ധക്യം എന്നിവ കൊണ്ട് ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ ധാരാളം പേർക്ക് ഗുണം ചെയ്യുന്നുണ്ട്. മാനദണ്ഡങ്ങൾ ലളിതമാക്കിയതോടെ മുമ്പത്തേക്കാൾ കൂടുതൽ ആളുകൾക്ക് ഇപ്പോൾ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നുണ്ട്.

അടുത്തകാലത്ത് നടത്തിയ അതി ദരിദ്രരെ കണ്ടെത്തുന്നതിന് വേണ്ടി നടത്തിയ സർവ്വേയിൽ നമ്മുടെ പഞ്ചായത്തിൽ 37 പേർ മാത്രമാണുള്ളത്.

വിദ്യാഭ്യാസരംഗത്തുണ്ടായ പുരോഗതി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്.

## വെല്ലുവിളികൾ , വികസന വിടവുകൾ, പ്രശ്നവിശകലനം പരിഹാര സാധ്യതകൾ

പ്രളയം, കോവിഡ് മുതലായവ സമ്പത്വ്യവസ്ഥയെ നിശ്ചലമാക്കിയതുകൊണ്ട് വികസനവിടവുകൾ വന്നിട്ടുണ്ട്. പ്രളയകാലത്ത് പല വീടുകളും നാശനഷ്ടങ്ങൾ സംഭവിക്കുകയും ശൗചാലയങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ടോയ്ലെറ്റ് റിപ്പയർ പദ്ധതിയിലൂടെ ശൗചാലയങ്ങൾ അറ്റകുറ്റ പണി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നിർമാണമേഘലയിലുണ്ടായ നിശ്ചലാവസ്ഥയും വ്യവസായ രംഗത്തുണ്ടായ താഴ്ചയും കോവിഡ് മഹാമാരികാലത്ത് ഏറെ പ്രയാസത്തിലാക്കിയിട്ടുണ്ട്.

ഭവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സമയബന്ധിതമായി വീടിന്റെ പണി പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

## വികസന പരിപ്രേക്ഷ്യം

ദാരിദ്ര്യ ലഘൂകരണം സാക്ഷാത്കരിക്കുന്നതിന് പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കികൊണ്ട് പദ്ധതികൾ നടപ്പിലാക്കണം. ഭിന്നശേഷിക്കാർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങി ദുർബല വിഭാഗങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധനൽകേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിൽ 516 അപേക്ഷകർ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിച്ചിട്ടുണ്ട് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം മുഴുവൻ പേർക്കും വീട് നിർമാണത്തിന് ധനസഹായം അനുവധിക്കാൻ കഴിയില്ല ആയതിനാൽ വാസയോഗ്യമാക്കാൻ കഴിയുന്ന വീടുകളെ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പേർക്ക് ധനസഹായം അനുവദിക്കാവുന്നതാണ്.

# വനിതാവികസനം

ലോകത്ത് മറ്റുരാജ്യങ്ങളിലെ സ്ത്രീകളുടെ അവസ്ഥപോലെത്തന്നെ ഭാരതത്തിലെ സ്ത്രീകളുടെയും സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെട്ടരീതിയിലായിരുന്നില്ല. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഉദയത്തിന് ശേഷം കാര്യമായ മാറ്റങ്ങൾ ഈ രംഗംത്ത് ഉണ്ടായിട്ടുണ്ട്. വികേന്ദ്രീകരണത്തിലൂടെ അധികാരം താഴെതട്ടിലേക്ക് വീതിച്ച് നൽകിയപ്പോൾ അതിന്റെ ഭാഗമായി ഒട്ടനവധി സ്ത്രീകൾ രംഗത്ത് വരികയുണ്ടായി. പിന്നീട് നിയമം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരം കയ്യാളുന്നതിൽ സ്ത്രീ പ്രാതിനിധ്യം 50% ശതമാനത്തിൽ എത്തിക്കുകയുണ്ടായി ഇത് സാമൂഹിക സാമ്പത്തിക രംഗത്ത് സമൂലമായ സ്ത്രീ മുന്നേറ്റത്തിന് കാരണമായി.

കേരളത്തിന്റെ സവിശേഷ വിദ്യാഭ്യാസ സാഹചര്യം ഇത്തരം മുന്നേറ്റങ്ങൾക്ക് വളരെ അധികം കരുത്തുപകർന്ന ഒന്നായി ഭവിച്ചു. തുടർന്ന് നടപ്പിലാക്കപ്പെട്ട കുടുംബശ്രീ എന്ന ആശയം സ്ത്രീകളെ കൂടുൽ സാമ്പത്തിക സ്വാതന്ത്ര്യം അനുഭവിക്കുന്നതിലേക്ക് ഉയർത്തുകയുണ്ടായി. തൽഫലമായി കേരളത്തിലെ ജനതയുടെ മൊത്തമായ സാമ്പത്തിക ഉന്നമനത്തിനും ഇത് വഴിവെച്ചു. ചെറുകിട സംരംഭങ്ങളുടെയും, സ്വയം തൊഴിൽ സംരംഭങ്ങളുടെയും മറ്റും ആഭിർഭാവത്തിന് കുടുംബശ്രീയുടെ പ്രവർത്തന വിജയം കാരണമായി.

രണ്ടായിരമാണ്ടിന് ശേഷം കേരളസർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതി താഴെ തട്ടിലുള്ള ജനതയ്ക്ക് സ്ഥിര വരുമാനം ഉറപ്പ് നൽകുന്നതിൽ വലിയ പങ്ക് വഹിച്ചു. അതിൽതന്നെ ഭൂരിഭാഗവും സ്ത്രീ ജനങ്ങളായിരുന്നു.

2014ൽ പത്തു(10) പേർ അടങ്ങുന്ന ഒരു കുടുംബശ്രീ ഗ്രൂപ്പ് (നിള) എന്ന പേരിൽ ഒരു വാടക സ്റ്റോർ തുടങ്ങുകയും അത് ഇക്കാലമത്രയും വിജയകരമായി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. 2016 നൻമ എന്ന പേരിൽ 7 കുടുംബശ്രീ അംഗങ്ങൾ ആരംഭിച്ച ഫ്ളോർമിൽ , 2018 ൽ 46 പേർ ചേർന്ന് ആരംഭിച്ച ഒരുമ ടൈലറിംഗ്യ യൂണിറ്റ്, 2018 ലും 19 തിലും ആരംഭിച്ച മറ്റ് രണ്ട് ടൈലറിഗ് യൂണിറ്റുകൾ ഗ്രാമിക എന്ന പേരിൽ ആരംഭിച്ച വ്യക്തിഗത ഫാൻസി, നാസ് ട്യൂഷൻ സെന്റർ (വെക്തിഗതം) ഹരിതം വെജിറ്റബിൾസ് അന്റ് ഫ്രൂട്സ് , കമ്പ്യൂട്ടർ സെന്റർ, എന്നിവയെല്ലാം നിലവിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ ആലുവ പേപ്പർ പ്ലേറ്റ് യൂണിറ്റ്, ശിങ്കാരിമേള യൂണിറ്റ് എന്നിവയും സജീവമായി മുന്നോട്ടുപോകുന്നു.

ഇത്തരം സൂക്ഷ്മ സംരംഭങ്ങളുടെ വിജയം കൂടുതൽപേർക്ക് ധൈര്യം വെയ്ക്കുകയും സംരംഭകത്വത്തിലേക്കും വിതരണകേന്ദ്ര നടത്തിപ്പിലേക്കും ചുവട് വെയ്ക്കാനുള്ള ഊർജം പ്രദാനം ചെയ്യുന്നവയുമാണ് അതിനാൽ തന്നെ കൂടുതൽ പേർ മന്നോട്ടുവരികയും ചെയ്യുന്നുണ്ട്.

## വനിതാവികസനം

1 വനിതകൾക്ക് ഓട്ടോ
2 സുഭിഷ ഔട്ട്ലെറ്റ്
3 വനിത ഹോട്ടൽ
4 വനിതകൾക്ക് ചെരിപ്പ് നിർമാണം
5 കുടുംബശ്രീ ബസ്സ്
6 സോപ്പ് നിർമാണ യൂണിറ്റ്
7 ജൈവ വള നിർമാണ യൂണിറ്റ്
8 വെളിച്ചെണ്ണ നിർമാണ യൂണിറ്റ്
9 ശീല കുട നിർമാണ യൂണിറ്റ്

# പ്രശ്ന വിശകലനം

| | | കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | സാമൂഹിക നിയന്ത്രണം | പരംബരാഗതമായ ചിന്താ ഗതി | സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യപങ്കാളിത്തത്തിനുള്ള സമൂഹത്തെ രൂപപ്പെടുത്തുക |
| 2 | തെറ്റായ ലിംഗബോധം | സ്ത്രീ സങ്കൽപ്പത്തിൽനിന്ന് മാറി ചിന്തിക്കുന്നില്ല | ലിംഗ പദവിയിൽ നിലനിൽക്കുന്ന അസമത്വം ഇല്ലാതാക്കുക |
| 3 | വിദ്യാഭ്യാസ കുറവ് | സാമ്പത്തിക ബുദ്ധിമുട്ട് യാത്രാ പ്രശ്നം | ഉന്നതവിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കുക |
| 4 | പുരുഷ മേധാവിത്വം | പരംബരാഗതമായ ചിന്താ ഗതി | സ്ത്രീയെ സാമ്പത്തികമായി ഉയർച്ചയിലേക്ക് എത്തിക്കുക |
| 5 | സാമ്പത്തിക ബുദ്ധിമുട്ട് | തൊഴിലില്ലായ്മ | സ്വയം തൊഴിൽ സഹായം നൽകുക |
| 6 | തൊഴിലില്ലായ്മ | കുടുംബിനി ആയതിനാൽ തൊഴിലുറപ്പിന് പോകാൻ പറ്റാത്ത അവസ്ഥ | കുടുംബഭാരം തുല്യ ഉത്തരവാദിത്വമായി കാണുക |

# പട്ടികജാതി

വേളം ഗ്രാമ പഞ്ചായത്തിൽ നിലവിൽ 8 കോളനികളും 4 സങ്കേതങ്ങളും കോളനികളിൽ 138 കുടും ബങ്ങളും സങ്കേതങ്ങളിൽ 28 കുടുംബങ്ങളും 90 കുടുംബങ്ങൾ ഒറ്റപ്പെട്ടുമാണ് താമസിക്കുന്നത്.

കഴിഞ്ഞ 25 വർഷത്തിനുമുമ്പ് ഈ വിഭാഗങ്ങളുടെ താമസ സൗകര്യങ്ങളും ജീവിത രീതിയും ഇതുവരെ ദുസ്സഹമായിരുന്നു. എന്നാൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ഭവന നിർമാണ രംഗത്ത് ഇതുവരെ മെച്ചപ്പെട്ട നേട്ടങ്ങൾ ഉണ്ടായി ചെറ്റ കുടിലുകളും മൺകട്ടകൊണ്ട് നിർമിച്ച മേൽക്കൂര ഓലമേഞ്ഞ വീടുകളും മാറ്റി ഓട് മേഞ്ഞ വീടുകൾ നിർമിക്കാൻ കഴിഞ്ഞു. ഈ വീടുകളും ജീർണിച്ച് ദുരിതങ്ങൾ ഉണ്ടായപ്പോൾ കോൺക്രീറ്റ് വീടുകൾ നിർമിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചു. ഇതിന്റെ ഭാഗമായി ഐ.എ.വൈ, ഇ.എം. എസ് ഭവന പദ്ധതി ലൈഫ് ഭവന പദ്ധതി തുടങ്ങിയവ ഇപ്പോൾ 90% വീടുകളും കോൺക്രീറ്റ് ചെയ്ത വീടുകളാണ്. ഭൂ രഹിതർക്ക് സ്ഥലം വാങ്ങി വീടെടുക്കാൻ 25 വർഷത്തിന് ശേഷം ഏക ദേശം 50 ഗുണഭോഗ്താക്കൾക്ക് ലഭിച്ചു.

| | | |
|---|---|---|
| ആകെ ജനസംഖ്യ | – | 1348 |
| പുരുഷൻമാർ | – | 617 |
| സ്ത്രീകൾ | – | 731 |
| കുട്ടികൾ | – | 312 |

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1 ഭവന നിർമാണത്തിനുള്ള ധന സഹായം കുറഞ്ഞത് കാരണം പൂർത്തീകരിക്കാൻ കഴിയാത്തതു മൂലം ജീർണാവസ്ഥയിലാണ്.
2 ഒറ്റപ്പെട്ട വീടുകളിലേക്ക് സ്വതന്ത്രമായി പോകാനുള്ള വഴി സൗകര്യമില്ല
3 വിദ്യാഭ്യാസം കുറേക്കൂടി മെച്ചപ്പെടുത്താനുള്ള പദ്ധതി
4 കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ ഇപ്പോഴും നിലവിലുണ്ട്
5 തൊഴിലില്ലായ്മ പരിഹരിക്കൽ
6 പരംബരാഗത തൊഴിൽ (കുട്ട,മുറം, പായ) മുതലായവ നിർമിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ
7 കുടിവെള്ള ലഭ്യത ഉറപ്പാക്കൽ
8 കിടപ്പിലായ രോഗികളെ ചികിത്സിക്കാനാവശ്യമായ പദ്ധതി
9 ഭവനനിർമാണത്തിനുള്ള സഹായം വർദ്ധിപ്പിക്കുക.

# വിദ്യാഭ്യാസം, കലാസംസ്കാരം, യുവജനകാര്യം പ്രശ്നങ്ങൾ

1 മധ്യം മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടരുത്

2 സൈബർ കുറ്റകൃത്യങ്ങൾ

3 പഠന പിന്നോക്കാവസ്ഥ

പ്രശ്നത്തിന്റെ തീവ്രത - ഗുരുതരം

കാരണങ്ങൾ : സാമ്പത്തിക പ്രയാസങ്ങളാൽ ഉന്നത പഠനത്തിന് കഴിയാതിരിക്കൽ

തൊഴിലില്ലായ്മ

**ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ**

1 തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിംക്കുക

2 ഉന്നത പഠനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക

3 വിശാലമായ ലൈബ്രറി, റീഡിംഗം റും, ആധുനിക സൗകര്യങ്ങൾ (ഇന്റർനെറ്റ്) ഉള്ള കോച്ചിഗ് സെന്ററുകൾ ആരംഭിക്കുക.

## 1996 ന് മുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും

വേളം ഗ്രാമപഞ്ചായത്തിലെ താമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗം പേർക്കും സമൂഹത്തിന്റെ ഉന്നതിയിൽ എത്താൻ സർക്കാരിന്റെ നേതൃത്വത്തിലുള്ള ധനസഹായങ്ങൾ ആവശ്യമാണ്. 1996 മുതൽ ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിച്ചതു മുതൽ വിവധ പദ്ധതികളിലായി ആനുകൂല്യം നൽകിയെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗവും ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയാണുള്ളത്.

കഴിഞ്ഞ 25 വർഷം കൊണ്ട് പട്ടികജാതി മേഖലയിൽ 169 പുതിയ വീടുകൾ നൽകിയത് അത്രയും കുടുംബങ്ങളെ വാസയോഗ്യമായ വീട് എന്ന സ്വപ്നം പൂർത്തിയാക്കാൻ കഴിഞ്ഞു. ഭവനപരിഷ്കരണ മേഖലയിലും നല്ല പുരോഗതി കൈവരിച്ചു.

കഴിഞ്ഞ പഞ്ചവത്സര കാലയളവിൽ കോളനികളിൽ നിർമിച്ച കുടിവെള്ള പദ്ധതികളും റോഡുകളും, ഫുട്പാത്തുകളും മെച്ചപ്പെട്ട ജീവിത ഭൗതിക സാഹചര്യങ്ങൾ ലഭിച്ചിട്ടെങ്കിലും ഇനിയും കുടിവെള്ള ലഭ്യതയും യാത്രാ സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി പെൺകുട്ടികളുടെ വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് സൈക്കിൾ തുടങ്ങിയ പദ്ധതികൾ ചില വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്ക് പഠന മുറികൾ പഠനോപകരണങ്ങൾ, നൽകിയത് വീടുകളിലെ പഠന നിലവാരം ഉയർത്താൻ സഹായകമായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ലാപ്ടോപ്പും നൽകിയത് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലെ എടുത്തുപറയാവുന്ന നേട്ടങ്ങളാണ്. പഞ്ചായത്തുകൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുള്ള ഇപ്പോഴത്തെ നടപടിക്രമം വിദ്യാർത്ഥികളുടെ പഠനകാലയളവിൽ ലാപ്ടോപ്പ് ലഭ്യമാകുന്നതിന് തടസ്സം നേരിടുന്നതിനാൽ ഈ പദ്ധതി കഴിഞ്ഞ വർഷങ്ങളിലായി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

1996 മുതൽ വിവിധ പദ്ധതികളിലായി ധനസഹായങ്ങൾ കഴിഞ്ഞ 25 വർഷം നൽകിയിട്ടുണ്ടെങ്കിലും 25 വർഷത്തെ ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്തത്പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യ ഉന്നമനത്തിലേക്ക് വിദ്യാഭ്യാസ ധനസഹായം, തൊഴിൽ സംരംഭങ്ങൾ, പാർപ്പിടങ്ങൾ കുടിവെള്ളം, റോഡുകൾ ഫുട്പാത്തുകൾ എന്നീ മേഖലയ്ക്ക് ഇനിയും പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

## ഇരുപത്തിയഞ്ചു വർഷത്തെ വിലയിരുത്തൽ

ഇരുപത്തിയഞ്ചു വർഷത്തെ വിലയിരുത്തലിന്റെ ഭാഗമായി ഈ മേഖലയിലെ പ്രധാന ഇടപെടലുകൾ പരിശോധിച്ചതിൽ ഭവന നിർമാണ മേഖലയ്ക്കാണ് പ്രാമുഖ്യം നൽകിയതെന്ന് മനസിലാക്കാം. വിവിധ പദ്ധതികളിലായി 169 വീടുകൾ നിർമിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ധനസഹായം മാത്രം ഉപയോഗപ്പെടുത്തി വീട് നിർമാണം പൂർത്തിയാക്കാൻ കഴിയാത്ത ചുരുക്കം ചിലർക്ക് വീട് എന്ന സ്വപ്നം പൂർത്തിയാക്കാൻ കഴിയാത്തതുണ്ട്.

ഭവന നിർമാണ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളും നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. സാമൂഹിക ഇടപെടലുകളുടെ അഭാവമാവാം ചിലപ്പോൾ ചുരുക്കം ചില ഗുണഭോക്താക്കൾക്ക് വീട് നിർമാണം പൂർത്തീകരിക്കാൻ കഴിയാത്തത്. സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ളവർക്ക് സർക്കാർ ആനുകൂല്യം മാത്രം നൽകി പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അത്തരത്തിലുള്ളവരെ സമൂഹത്തിന്റെ ഉന്നതിയിൽ എത്തിക്കുന്നതിന് സാമൂഹിക പ്രതിബദ്ധത ആവശ്യമുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതികൾ തയ്യാറാക്കിയത് നേട്ടമാണ്. ചില കുടിവെള്ള പദ്ധതികൾ ഇപ്പോൾ വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല എന്നത് കുടിവെള്ള ലഭ്യതയ്ക്ക് പോരായ്മയായി ചൂണ്ടിക്കാട്ടുന്നു.

തൊഴിൽ മേഖലയിലാണ് കാര്യമായ പുരോഗതി ഇല്ലാത്തത് എന്നാൽ തൊഴിലുറപ്പ് പദ്ധതി ഏറെ കുടുംബങ്ങൾക്കും ഒരു അനുഗ്രഹമായി തീർന്നിട്ടുണ്ട്. പരംബരാഗത തൊഴിലുകളുടെ പരാജയം തൊഴിൽ മേഖലയിൽ കാര്യമായ കുറവ് വരുത്തിയിട്ടുണ്ട്. പാരമ്പര്യമായി കൈത്തൊഴിലായി നിർമിക്കുന്ന വസ്തുക്കൾക്ക് അസംസ്കൃത സാധനങ്ങളുടെ ലഭ്യതകുറവും കൂടിയ ചിലവും കാരണം വിപണിയിൽ ആവശ്യമായ ഉപഭോക്താക്കൾ കുറയുന്നതിന് കാരണമായി. പാരംമ്പര്യതൊഴിലുകൾ ചെയ്യാൻ താത്പര്യവും സംവിധാനവും ഉള്ളവർക്ക് ആയതിന് ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടി സ്വീകരിക്കേണ്ടതാവുന്നു.

### വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്നവിശകലനം, പരിഹാര സാധ്യതകൾ

1 സാമ്പത്തികമായി പിന്നോക്കാവസ്ഥ
2 തൊഴിലില്ലായ്മ
3 വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ
4 വാസയോഗ്യമായ വീടുകൾ ഇല്ലാത്തത്
5 ഉപയോഗ യോഗ്യമായ കക്കൂസുകൾ ഇല്ലാത്തത്
6 കാർഷിക മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നത്
7 കുന്നിൻപുറത്തെ കുടുവെള്ള പ്രശ്നം
8 സാമൂഹ്യമായ പിന്നോക്കാവസ്ഥ
9 കുടിൽ വ്യവസായത്തിന് അസംസ്കൃത സാധനങ്ങളുടെ ലഭ്യതകുറവ്

## ആരോഗ്യം

ജനകീയാസൂത്രണം - അധികാര വികേന്ദ്രീകരണം വരുന്നതിനുമുമ്പ് അതായത് 25 വർഷം മുമ്പ് വേളം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം മാത്രമാണ് ഉണ്ടായിരുന്നത്. 1995 ന്ശേഷം അടിസ്ഥാനപരമായ മാറ്റങ്ങൾ ആരോഗ്യമേഖലകളിൽ ഉണ്ടാകാൻ സാധിച്ചിട്ടുണ്ട്. ലാബ് സൗകര്യത്തോടുകൂടി പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആയുർവേദ ഡിസ്പൻസറി സ്വന്തമായി കെട്ടിടമുണ്ടാക്കി പ്രവർത്തനം തുടങ്ങിയിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളും മറ്റും മെച്ചപ്പെടുത്തിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ച ഹോമിയോ ഡിസ്പൻസറി സ്വന്തമായി കെട്ടിടമുണ്ടാക്കി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 3 സബ്സെന്ററുകൾ സജീവ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇതിനെല്ലാം എൻ.ആർ.എച്ച്.എം തുടങ്ങിയ വിവിധ ഫണ്ട് ഉപയോഗപ്പെടുത്തി മെച്ചപ്പെട്ടപ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾ രൂപീകരിച്ച് ആരോഗ്യമേഖലയിൽ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

പെയിൻ ആന്റ് പാലിയേറ്റീവിനെ മെച്ചപ്പെടുത്തികൊണ്ട് സർക്കാരിന്റെ ഫണ്ട് അനുവദിക്കുകയും കിടപ്പിലായ രോഗികളെ പരിപാലിക്കുകയും ചെയ്ത് വരുന്നു. ആശാവർക്കർമാർ നഴ്സുമാർ എന്നിവരുടെ സേവനം വളരെ മെച്ചപ്പെട്ടരീതിയിൽ നടന്നുവരുന്നുണ്ട്. ഇതില്ലാം കഴിഞ്ഞ 25 വർഷത്തിന് ശേഷം ഉണ്ടായ നേട്ടങ്ങളാണ്.

### 1996ന് മുമ്പ് ആരോഗ്യരംഗത്ത് പഞ്ചായത്ത് പ്രദേശത്തെ അവസ്ഥ

a) കിടപ്പുരോഗികളെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടിയിരുന്ന ഒരു കാലമായിരുന്നു. കുറ്റ്യാടി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന എൻ.ജി.ഒ കൾ 10-12 പഞ്ചായത്ത് പ്രദേശം കൈകാര്യം ചെയ്ത് കൊണ്ട് രണ്ട് മാസത്തിലൊരിക്കൽ നാമമാത്ര സേവനമായിരുന്നു ലഭിച്ചത്. 1996 ന് ശേഷം പടിപടിയായി കിടപ്പുരോഗികളെ അവസ്ഥയ്ക്ക് മാറ്റം വന്നു തുടങ്ങി. ഇത് ആഴ്ചയിലൊരിക്കൽ മികച്ച സേവനം ലഭിക്കുന്നതിനാൽ അവരുടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കാനും സന്തോഷത്തോടെ മരണത്തെ സ്വീകരിക്കാനും കഴിയുന്ന അവസ്ഥ പഞ്ചായത്തും സർക്കാരും ഈ രംഗത്ത് ചിലവഴിക്കുന്ന സേവനംമൂലമാണ്.

b) കൂടുതൽ മെച്ചപ്പെടുത്താൻ

1 ആശുപത്രിയിൽ കിടപ്പുരോഗികൾക്ക് സമീപം ഡോക്ടറുടെ സേവനം ലഭ്യമാക്കണം

2 ആശുപത്രിയിൽ പാലിയേറ്റീവ് പ്രവർത്തനത്തിന് വാഹന സൗകര്യമൊരുക്കണം.

3 രോഗാവസ്ഥകളിൽ നിന്ന് മുക്തമായ പഞ്ചായത്ത്

- ജീവിതശൈലി മാറണം
- ഭക്ഷണശീലം
- പ്രതിരോധത്തിന് പ്രമുഖസ്ഥാനം
- വ്യായാമത്തിന്റെ പ്രാധാന്യം
- നിരന്തര ബോധവൽക്കരണം നടത്തുക
- ജീവിത ശൈലി രോഗനയന്ത്രണത്തിന് പ്രത്യേക പ്രൊജക്ട്
- ഓപ്പൺ ജിം - ഇൻട്രെക്ടർ യോഗ
- ബി.പി പ്രമേഹം തുടങ്ങി ജീവിതശൈലി രോഗ സർവേ നടത്തുക
- പൊതുജനങ്ങൾക്ക് ആശുപത്രിയുടെ സേവനം ലഭ്യമാക്കുന്നതിന് വാഹന സൗകര്യം

### <u>നിലനിൽക്കുന്ന വെല്ലുവിളികൾ</u>

**പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ**

കുടുംബാരേഗ്യ കേന്ദ്രത്തിന് സ്വന്തമായി വാഹനം

കാക്കുനി പെരുവയൽ പ്രദേശത്ത് സബ്സെന്റർ

കുടുംബാരോഗ്യകേന്ദ്രം കമ്യൂണിറ്റി ഹെൽത് സെന്ററായി ഉയർത്തുക

ഹോം കെയർ പ്രവർത്തനത്തിന് സ്വന്തമായി വാഹനം

കുടുംബാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി നിൽക്കുന്ന ഡോക്ടർ, സ്റ്റാഫ്, നഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുക.

# ആമുഖം

സാമൂഹിക മാറ്റത്തിന്റെ ചാലകശക്തി വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം വഴി ലഭിക്കുന്ന ശക്തി ശേഷികൾ സമർത്ഥമായി ഉപയോഗപ്പെടുത്തുംമ്പോഴാണ് സമൂഹത്തിന്റെ ജീവിത രീതികളും ഉപജീവന മാർഗങ്ങളും നവീകരിക്കപ്പെടുന്നത്. കാലത്തിന്റെ വെല്ലുവിളികളെ മറികടക്കാനുള്ള ഏക വഴിയും അതുതന്നെ

## പ്രദേശം

വേളം പഞ്ചായത്ത് അക്ഷരാർത്ഥത്തിൽ ഒരു ഗ്രാമമാണ്. പ്രവിശാലമായ കുന്നിൻപുറങ്ങളും നെൽവയലുകളും പുഴതീരങ്ങളും ഈ ഗ്രാമത്തിന്റെ സവിശേഷതകളാണ്. ഭൂമിശാത്രപരമായ ഈ സവിശേഷങ്ങളെ ശാസ്ത്രീയമായി പരിവർത്തനം ചെയ്യുമ്പോഴാണ് ഈ പഞ്ചായത്തിലെ ജനപഥത്തിന്റെ ജീവിതം പച്ചപിടിക്കുന്നത്.

## കാലം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറികൊണ്ട് 1995-ൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണ പദ്ധതി നിലവിൽവന്ന 1996 നുമുമ്പും അതിനുശേഷവും എന്ന കാലഗണന വച്ച് ഗ്രാമത്തിന്റെ സാമൂഹിക പുരോഗതി വിലയിരുത്തുന്നതിന് നാടിന്റെ വികസനപരമായ ഉൾക്കാഴ്ചകൾ രൂപപ്പെടുത്താൻ സഹായകരമാണ്.

## 1996 വരെ

സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പ്തന്നെ വേളത്ത് 8 പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ആറ് എൽ.പി സ്കൂളുകളും (രണ്ടെണ്ണം സർക്കാർമേഖലയുലും നാലെണ്ണം മാനേജ്മെന്റിന്റെ കീഴിലും) രണ്ട് യു.പി സ്കൂളുകളും (ഒന്ന് സർക്കാർ മേഖലയുലും മറ്റൊന്ന് മാനേജ്മെന്റിന്റെ കീഴിലും). സ്വാതന്ത്ര്യാനന്തരം സർക്കാർമേഖലയിൽ ഒന്നും സ്വകാര്യ മാനേജ്മെന്റിനുകീഴിൽ രണ്ടും പ്രൈമറി വിദ്യാലയങ്ങൾ നിലവിൽവന്നു.

വേളം പഞ്ചായത്തിൽ 1976 ലാണ് വേളം ഹൈ സ്കൂൾ സ്ഥാപിതമായത്. അന്നത്തെ മുഖ്യമന്ത്രിയായ സി.അച്യുത മേനോൻ, സർക്കാർ സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ജനകീയ കമ്മിറ്റിക്ക് സ്കൂൾ അനുവദിക്കുക എന്ന തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേളത്തെ രാഷ്ട്രീയ നേതൃത്വം ആരംഭിച്ചത്. 2010 ൽ ഈ സ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തി.

വിദ്യാലയങ്ങളിൽ എത്തിപ്പെടാനുള്ള പ്രയാസമായിരുന്നു അക്കാലത്ത് ആളുകളെ വിദ്യാഭ്യാസം നേടുന്നതിൽ നിന്ന് അകറ്റിനിർത്തിയ മുഖ്യഘടകം. സൗകര്യപ്രദമായ റോഡുകൾ ഇല്ലാത്ത സാഹചര്യത്തിൽ ദീർഘദൂരം നടന്ന് സ്കൂളിൽ എത്തുക എന്നത് എളുപ്പമായിരുന്നില്ല. പെൺകുട്ടികളുടെ കാര്യത്തിൽ പ്രത്യേകിച്ചും. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഗ്രാമീണ മേഘലയിൽ വാഹനസൗകര്യമുള്ള റോഡുകൾ വന്നു തുടങ്ങുകയും ജനകീയാസൂത്രണ കാലമയതോടെ റോഡുകൾ വൈദ്യുതി, മുതലായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുകയും വിദ്യാഭ്യാസ രംഗത്ത് പലവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി തുടങ്ങിയതോടെ വിദ്യാഭ്യാസ രംഗത്തും വലിയകുതിച്ചുചാട്ടം തന്നെ ഗ്രാമീണ മേഖലയിൽ പ്രത്യക്ഷമായി.

## 1996 നുശേഷം

ജനകീയാസൂത്രണ കാലഘട്ടത്തിൽ വേളത്തെ വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മാറ്റങ്ങളുണ്ടായി വിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, റോഡുകൾ, ചുറ്റുമതിൽ, ടോയ്ലെറ്റുകൾ, സ്മാർട്ട് ക്ലാസ്റൂംമുകൾ, മുറ്റം ഇന്റർലോക്ക് ചെയ്യൽ, സ്റ്റേജ്, സൗണ്ട് സിസ്റ്റം, കമ്പ്യൂട്ടറുകൾ എന്നിങ്ങനെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മാത്രമല്ല
ഒന്നാം ക്ലാസ് ഒന്നാന്തരം പദ്ധതി എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം പഞ്ചായത്തുതല കലാ

കായിക മത്സരങ്ങൾ, വോളിബോൾ, നീന്തൽ പരിശീലനം, സമ്പൂർണ നാലാംതരം തുല്യതാ പരിപാടി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിങ്ങനെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടപ്പിലാക്കാനും ഇക്കാലത്തു കഴിഞ്ഞു. കൂടാതെ കേന്ദ്ര-കേരള സർക്കാറുകളുടെ വിവിധ പദ്ധതികൾ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടി.

### സർവശിക്ഷാ അഭിയാൻ(Sarva Shiksha Abhiyan)അഥവാ എസ്.എസ്.എ

രാജ്യത്തുടനീളം ഗുണനിലവാരമുള്ള വിദ്യാഭ്യാസം, അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ സാമൂഹികനീതിയുടെ വിഭാവനം സാമൂഹിക ലിംഗ വിവേചനങ്ങൾ തുടച്ചുനീക്കി ഏവർക്കും അടിസ്ഥാന വിദ്യാഭ്യാസം നൽകൽ. സ്കൂളുകൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുക, സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും നിലവിലുള്ളവ മെച്ചപ്പെടുത്തുകയും ചെയ്യുക. എന്നീ ലക്ഷ്യത്തോടെ ആഗോളനിലവാരത്തിലുള്ള അടിസ്ഥാന വിദ്യാഭ്യാസത്തിലൂന്നിയ കേന്ദ്ര സർക്കാർ പദ്ധതിയാണ് സർവശിക്ഷാ അഭിയാൻ (Sarva Shiksha Abhiyan) അഥവാ എസ്.എസ്.എ (SSA). 2000–2001 വർഷത്തിലാണ് ഇത് ആരംഭിച്ചത്. പദ്ധതിയുടെ ചിലവിന്റെ 85% കേന്ദ്രസർക്കാറും ബാക്കി സംസ്ഥാന സർക്കാറുമാണ് വഹിക്കുന്നത്. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (DPEP) എന്ന പേരിൽ ഇതിന് സമാനമായ പദ്ധതി 1993-1994 വർഷം മുതൽ തന്നെ നിലവാരമുണ്ടായിരുന്നു.

### പൊതു വിദ്യാഭ്യാസ സംരംക്ഷണ യജ്ഞം

നവകേരളാ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരംക്ഷണ യജ്ഞം. കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠനരീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. 2017 ജനുവരി 27 നാണ് പദ്ധതി തുടക്കം കുറിച്ചത്. ഒന്നുമുതൽ 12 വരെയുള്ള ക്ലാസുകളിലെ എല്ലാകുട്ടികൾക്കും ഒരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം വരുന്ന അഞ്ച് വർഷത്തിനകം പൊതു വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം. തദ്ദേശ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പി.ടി.എ കൾ, പ്രവാസികൾ, കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ എന്നിവയൊക്കെ സമന്വയിപ്പിച്ച് വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങൾക്ക് അധികമൂലധനം സമാഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുക.

### ഐടി@സ്കൂൾ

കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഒരു പദ്ധതിയാണ് ഐ ടി @ സ്കൂൾ വിദ്യാലയങ്ങളിൽ ഐ ടി അധിഷ്ടിതമായി അധ്യയനരീതി പുനരാവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അധ്യാപക പരിശീലനം നടത്തുക പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ, തുടങ്ങിയവയുടെ നിർമാണത്തിൽ എസ്.സി.ഇ.ആർ.ടി യെ സഹായിക്കുക, ലാപ്ടോപ്പ്, കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ഫലപ്രദമായ വിന്യാസം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

### സമഗ്ര ശിക്ഷാ കേരളം (എസ്.കെ.കെ)

പ്രീ സ്കൂൾ മുതൽ സീനിയർ സെക്കന്ററി തലം വരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനായി സ്കൂളിനെ വിഭാവനം ചെയ്യക്കത്തവിധത്തിൽ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരുസംയോജിത പദ്ധതിയാണ് സമഗ്രശിക്ഷ. നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിലൂടെ പ്രവേശനം വർദ്ധിപ്പിക്കുക, പിന്നോക്കം നിൽക്കുന്ന ഗ്രൂപ്പുകളെയും ദുർബല വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതിലൂടെ തുല്യത പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപരമായ വിടവുകൾ നികത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തല

ങ്ങളിലും തുല്യത ഉറപ്പാക്കുക തൊഴിലധിഷ്ടിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ.

## തുല്യാതാ പരിപാടി

കേരളാ സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന പരിപാടിയാണ് തുല്യാത പരിപാടി. സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ബഹുമുഖ തുടർ വിദ്യാഭ്യാസ പദ്ധതികളിൽ ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാ പരിപാടി. ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാത്തവരും സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ഇടയ്ക്ക് വെച്ച് പഠനം നടത്തേണ്ടിവരുമായ ആളുകൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കാനുള്ള ഒരു സംരംഭമാണിത്. നമ്മുടെ പഞ്ചായത്തിൽ ധാരാളം ആളുകൾ ഈ പദ്ധതി പ്രയോജനപ്പെടുത്തി വരുന്നു.

ഇതിന്റെയെല്ലാം ഫലമായി നമ്മുടെ പഞ്ചായത്തിലും വിദ്യാഭ്യാസ രംഗത്ത് ഉണർവ്വ് അനുഭവപ്പെടുകയും പൊതുപരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ പുതിയ തലമുറയ്ക്ക് സാധിക്കുകയും ചെയ്തു. രണ്ടര പതിറ്റാണ്ടു മുമ്പ് 50 ശതമാനമോ അതിനു തൊട്ടുമുകളിലോ ആയിരുന്ന നമ്മുടെ എസ്.എസ്.എൽ.സി, പ്ലസ് റ്റു പരീക്ഷാ ഫലങ്ങൾ 2020-21 ആയപ്പോഴേക്ക് 100% മോ അതിനുതൊട്ടടുത്തോ എത്തിച്ചേർന്നു. മികച്ച വിദ്യാലയങ്ങളിൽ പ്രവേശനം നേടാനും ഉന്നത വിദ്യാഭ്യാസ നേട്ടങ്ങൾ കൈവരിക്കാനും കുട്ടികൾക്ക് കഴിഞ്ഞു.

1. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ കുതിച്ചുചാട്ടം സംഭവിക്കുന്ന കാലമാണിത്. സൈബർ രംഗങ്ങളിലെ കഴിഞ്ഞ ദശാബ്ദത്തിലുണ്ടായ വിപ്ലവകരമായ വികസനവും വളർച്ചയും സമൂഹത്തിന്റെ കാഴ്ചപാടിലും സമീപനത്തിലും അതിശയകരമായ മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. മാറുന്ന കാലത്തിന്റെ താത്പര്യങ്ങളനുസരിച്ച് വിദ്യാഭ്യാസ രംഗത്തും കാതലായ മാറ്റങ്ങൾ ആവശ്യമാണ്. ക്ലാസ് മുറികൾ, അധ്യാപന രീതികൾ, പഠന സാമഗ്രികൾ, ലാബ്- ലൈബ്രറി സംവിധാനങ്ങൾ എന്നിവയും കാലാനുസൃതമായി നവീകരിക്കപ്പെടേണ്ടതുണ്ട്. ഒപ്പംതന്നെ ഗ്രാമീണവും പ്രാദേശികവുമായ സാമൂഹിക മൂല്യങ്ങൾക്ക് അർഹമായ പരിഗണനയും പരിരക്ഷയും ലഭിക്കേണ്ടതുണ്ട്.

2 ഗുണമേന്മയുള്ള ഭക്ഷണം, കുടിവെള്ളം, വൃത്തിയും വെടിപ്പുമുള്ള ശുചിമുറികൾ, (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം), വിശ്രമമുറി, ഡൈനിംഗ് റൂം, എന്നിവ എല്ലാ ക്ലാസുകളിലും ഉറപ്പ് വരുത്തേണ്ടതാണ്.

3 വിദ്യാർത്ഥികളുടെ ശാരീരിക വളർച്ചയ്ക്ക് കായിക വിനോദങ്ങൾ അത്യാവശ്യഘടകമാണ്. ആവശ്യമുള്ളത്ര കളിസ്ഥലങ്ങൾ ലഭ്യമാക്കുകയും കായിക അധ്യാപകരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.

4 അക്ഷര അക്കബോധങ്ങൾ (എഴുത്ത്, വായന, അടിസ്ഥാന ഗണിതക്രിയകൾ) ഉറക്കാത്ത കുട്ടികളുടെ എണ്ണം പ്രൈമറിതലത്തിൽ വർദ്ധിച്ചുവരുന്നു എന്നതാണ് അനുഭവം. വിദ്യാഭ്യാസപരമായ അതിദാരിദ്ര്യം അനുഭവിക്കുന്ന ഇവരെ കണ്ടെത്താനും പരിഹാര ബൗധനം നടത്താനും കഴിയേണ്ടതുണ്ട്.

5 പഞ്ചായത്ത് നിവാസികളായ കുട്ടികൾ മറ്റു പഞ്ചായത്തുകളിലെ സ്കൂളുകളിലേക്ക് പോകുന്ന അവസ്ഥ നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. ഗുണനിലവാരമുള്ള പ്രീ -പ്രൈമറി സ്കൂൾ, ഇംഗ്ലീഷ് അധ്യാപനത്തിനുള്ള ഊന്നൽ വ്യവസ്ഥാപിതമായ ഗതാഗതം, കലാകായിക മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ എന്നിവ സൃഷ്ടിച്ചാൽ ഈ പ്രശ്നം പരിഹിരക്കാവുന്നതാണ്.

6 അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായ പൊതു ലൈബ്രറികൾ, ക്ലബ്ബുകൾ, കളിസ്ഥലങ്ങൾ, നീന്തൽ കുളങ്ങൾ ഇവ സജീവമാകേണ്ടതുണ്ട്. പ്രകൃത്യാ നിലവിലുള്ളപ്രാദേശിക പൊതുഇടങ്ങളും ,ചിറകൾ കുളങ്ങൾ, പോലുള്ള ജല ശേഖരങ്ങളും മേഖലാടിസ്ഥാനത്തിൽ സോദേശപരമായി ഉപയുക്തമാക്കുകയും ഒന്നിലധികം സ്കൂളുകൾക്ക് ഉപയോഗപ്പെടുത്താൻ സാഹചര്യം ഒരുക്കുകയും വേണം.

7 സ്കൂൾ പി.ടി.എ, എം.പി.ടി.എ, സംവിധാനങ്ങൾ കൂടുതൽ ജാഗ്രതയുള്ളതാകണം. ലഹരിവ്യാപനം, വർഗീയത, സൈബർ കുറ്റകൃത്യങ്ങൾ, തുടങ്ങിയവ തടയിടാനും വിദ്യാഭ്യാസം കൂടുതൽ മൂല്യാധിഷ്ടിതമാക്കാനും ഇതുവഴി കഴിയും.

## പരിഗണിക്കപ്പെടേണ്ട പ്രാദേശികാവിശ്യങ്ങൾ

1 വേളം പഞ്ചായത്തിന് ഒരു യു.പി സ്കൂൾ കൂടി വേണം. പൊരുവയൽ, അരമ്പോൽ,ചേരാപുരം ഭാഗങ്ങളിലെ കുട്ടികൾ ഏറെ ക്ലേശകരമായ യാത്രനടത്തിയതിനിശേഷമാണ് ഇപ്പോൾ സ്കൂളിൽ എത്തുന്നത്. പഞ്ചായത്തിലെ ഏതെങ്കിലും ഒരു എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഇതു പരിഹരിക്കാവുന്നതാണ്.

2 കളിസ്ഥലങ്ങൾ നിർമിക്കുക. പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങൾ ഉപയോഗപ്പെടുത്തി സ്കൂളുകൾക്കും, യുവജനങ്ങൾക്കും ഉപകാരപ്പെടുന്ന വിധത്തിൽ കളിക്കളങ്ങൾ നിർമിക്കാം. ഉദാഹരണമായി: 6,7,8 വാർഡുകളിലെ കുട്ടികൾക്കും യുവജനങ്ങൾക്കും മൊത്തത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന കളിസ്ഥലവും നീന്തൽ കേന്ദ്രവും പ്രകൃത്യാതന്നെ ഏഴാം വാർഡിൽ ഉണ്ട്. പ്രദേശവാസികളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള നവീകരണശ്രമങ്ങളാണിവിടെ നടക്കേണ്ടത്.

3 സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ, ഭൗതിക സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, എന്നിവയുടെ അറ്റകുറ്റപണികൾ യഥാസമയം എടുക്കുന്നതുവഴി ദീർഘകാലം അവ ഉപയോഗിക്കാനും കഴിയും. സ്കൂൾ വാഹനങ്ങളുടെ ഇൻഷൂറൻസ്, ടാക്സ്, അറ്റകുറ്റപണികൾ എന്നിവയ്ക്കാവശ്യമായ ഫണ്ടുകൾ ലഭ്യമാക്കണം. സ്കൂൾ പരിശോധനയ്ക്കായി പഞ്ചായത്തുതലത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കാവുന്നതാണ്.

4 ജി.എൽ.പി എസ് ചേരാപുരത്തിന് സ്ഥലം വാങ്ങാനാവശ്യമായ പ്രപോസൽ സർക്കാരിനുമുമ്പിലുണ്ട്. ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടണം.

5 ജി.യു.പി.എസ്. ചെറുകുന്നിൽ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക് ഗേറ്റ്, വാട്ടർട്ടാങ്ക് എന്നിവ അനുവദിക്കേണ്ടതാണ്.

സ്കൂളുകളുടെ അവസ്ഥാ വിശകലന പട്ടിക ഇതോടൊപ്പം അറ്റാച്ച് ചെയ്തിട്ടുണ്ട്.

# അവസ്ഥാരേഖ

**പൊതുമരാമത്ത്- ഊർജം**

1995 ജനകീയആസൂത്രണം നിലവിൽ വന്നതിനുശേഷം വേളം പഞ്ചായത്തിൽ അടിസ്ഥാനമേഘലയിൽ ഉണ്ടായ മാറ്റങ്ങൾ

ഗതാഗതരംഗത്തെ അപര്യാപ്തത വേളം പഞ്ചായത്തിലെ സമസ്ഥ മേഘലയിലും തടസമായിരുന്നു. വേളം വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്തായതിനാൽ ജലമാർഗമുള്ള ഗതാഗതമായിരുന്നു മുൻ കാലങ്ങളിൽ ഉണ്ടായിരുന്നത്. ജനകീയ ആസൂത്രണത്തിന് ശേഷമാണ് വേളത്ത് മുഴുവൻ പ്രദേശങ്ങളും ബന്ധിപ്പിക്കാൻ കഴിയുന്ന വിദത്തിലുള്ള റോഡുകളും പാലങ്ങളും നടപ്പാതകളും നിർമിക്കാനും അതുവഴി ഗതാഗതസൗകര്യം മെച്ചപ്പെടുത്താനും സാധിച്ചത്.

1995 ൽ വേളം പഞ്ചായത്തിൽ വടകര-ഗുളികപ്പുഴ റോഡും പള്ളിയത്ത്-പെരുവയൽ - കുറ്റ്യാടി റോഡും മാത്രമായിരുന്നു ഉള്ളത് അതിനുശേഷം അനവധി പി.ഡബ്ല്യു.ഡി റോഡുകളും പി.എം.എ.വൈ റോഡുകളും നിലവിൽ വന്നു. അതോടൊപ്പംതന്നെ ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 135 കി.മി. ടാർ റോഡുകളും 340കി.മി കോൺക്രീറ്റ് റോഡുകളും 61 കൽവർട്ടുകളും 78കി.മി. നടപ്പാതകളും പ്രാധാനപ്പെട്ട റോഡിൽ ഡ്രൈനേജുകളും നിർമിക്കാൻ നമുക്ക് സാധിച്ചു എന്നതാണ് ജനകീയാസൂത്രണ പദ്ധതിയിൽ ഗതാഗത രംഗത്ത് നാം കൈവരിച്ച നേട്ടം.

കെട്ടിടങ്ങൾ

1995 ന് മുമ്പ് വേളം പഞ്ചായത്തിൽ പ്രധാന കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല ശേഷം പൂളക്കൂലിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടം, കൃഷി ഭവൻ, ഐ.സി.ഡി.എസ് കുടുംബശ്രീ എന്നിവയുടെ സൗകര്യ പ്രദമായ കെട്ടിടങ്ങൾ നിർമിക്കാനും പഞ്ചായത്ത് സമപകാരീയ നിലയം, ബഡ്സ് സ്കൂൾ കെട്ടിടം പകൽ വീട് എന്നിവയും കളിസ്ഥലങ്ങൾ പൊതു സ്മശാനം എന്നിവയും നിർമിക്കാൻ ജനകീയാസാത്രണപദ്ധതിയിൽ സാധിച്ചു.

**ആശുപത്രികൾ**

ആരോഗ്യ മേഖലയിൽ ഉണർവ് നൽകാൻ പഞ്ചായത്തിലെ ജനങ്ങൾക്ക് സൗകര്യപ്രധമായ സ്ഥലത്ത് പി.എച്ച്.സി കെട്ടിടം, സൗകര്യ പ്രധമായ ലാബ് സൗകര്യം പൂമുഖത്തെ ആയൂർവേദ ആശുപത്രി കെട്ടിടം കൂളിക്കുന്നിലെ ഹോമിയെ ആശുപത്രി കെട്ടിടം പുത്തലത്ത് മൃഗാശുപത്രി കെട്ടിടം പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി പി.എച്ച്.സി സബ്സെന്ററുകൾ എന്നിവയും ഈ കാലയളവിൽ നിർമിക്കാൻ കഴിഞ്ഞു.. വേളം പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രം ആക്കിമാറ്റാനും സാധിച്ചു.

**ആശുപത്രികൾ**

ആരോഗ്യ മേഖലയിൽ ഉണർവ് നൽകാൻ പഞ്ചായത്തിലെ ജനങ്ങൾക്ക് സൗകര്യപ്രധമായ സ്ഥലത്ത് പി.എച്ച്.സി കെട്ടിടം, സൗകര്യ പ്രധമായ ലാബ് സൗകര്യം പൂമുഖത്തെ ആയൂർവേദ ആശുപത്രി കെട്ടിടം കൂളിക്കുന്നിലെ ഹോമിയെ ആശുപത്രി കെട്ടിടം പുത്തലത്ത് മൃഗാശുപത്രി കെട്ടിടം പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി പി.എച്ച്.സി സബ്സെന്ററുകൾ എന്നിവയും ഈ കാലയളവിൽ നിർമിക്കാൻ കഴിഞ്ഞു.. വേളം പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രം ആക്കിമാറ്റാനും സാധിച്ചു.

**വിദ്യാഭ്യാസ കെട്ടിടങ്ങൾ**

വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ കെട്ടിടങ്ങൾ നിർമിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഈ കാലയളവിൽ സാധിച്ചു. ചെറുകുന്ന് യു.പി, പുത്തലത്ത് എൽ.പി അരമ്പോൽ എൽ.പി എന്നീ സ്കൂളുകൾക്ക് കെട്ടിടം പണിയാനും സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധിച്ചു.

പഞ്ചായത്തിൽ 26 അംഗണവാടികൾക്ക് സ്ഥലം കെട്ടിടങ്ങൾ നിർമിക്കുവാനും എല്ലാ സൗകര്യത്തോടുകൂടി പഠന സാഹചര്യം മെച്ചപ്പെടുത്താനും കഴിഞ്ഞു. അംഗണവാടികൾക്കും സ്കൂളുകൾക്കും സ്മാർട്ട് ക്ലാസ് റൂം, ടോയ്‌ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ചെയ്യാനും ഈ കാലയളവിൽ സാധിച്ചു.

**ഊർജം**

ഊർജമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ നടത്താൻ ഈ കാലയളവിൽ സാധിച്ചു. പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതി എത്തിക്കാനും കാർഷികാവശ്യത്തിനായി കണക്ഷൻ നൽകുവാനും കഴിഞ്ഞു. 215 സ്ട്രീറ്റ് ലൈറ്റുകളും പ്രധാന കേന്ദ്രങ്ങളിൽ ഹൈമാസ്, ലോമാസ്,ലൈറ്റുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്.

## നേട്ടങ്ങളും കോട്ടങ്ങളും

പൊതുമരാമത്ത് മേഖലയിൽ റോഡുകൾ പാലങ്ങൾ നടപ്പാതകൾ കെട്ടിടങ്ങൾ എന്നിവ നിർമിച്ചതിൽ വികസനമേഖലയിൽ കുതിച്ചുചാട്ടം പഞ്ചായത്തിന് സാധ്യമായി. അയൽ പഞ്ചായത്തുകൾ തമ്മിലും ടൗണുകൾ തമ്മിലും ബന്ധം സ്ഥാപിക്കാൻ സാധിച്ചു. വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ കെട്ടിട നിർമാണവും സൗകര്യം മെച്ചപ്പെടുത്തലും കൊണ്ട് ഗ്രാമീണർക്ക് മറ്റുസ്ഥലങ്ങളിലേക്ക് പോകാതെ സൗകര്യങ്ങൾ പഞ്ചയത്തിനുള്ളിൽതന്നെ ചെയ്തുകൊടുക്കാൻ സാധിച്ചു.

ഗ്രാമീണമേഖലയിലും കോളനികളിലും റോഡുകളുടെ കുറവ് പൂർണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല ഈ മേഖലയിൽ ഇനിയുള്ള കാലങ്ങളിലും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## പതിനാലാം പഞ്ചവൽസര പദ്ധതിയിൽ പൂർത്തീകരിക്കേണ്ടവ

1. കുടുബാരോഗ്യകേന്ദ്രം രോഗികളെ കിടത്തി ചികിൽസ ഉൾപ്പെടുത്തുന്ന സംവിധാനങ്ങളെക്കെയുള്ള വിപുലമായ കെട്ടിടം പണിയാൻ കഴിയണം.
2. സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കാൻ കഴിയണം.
3. അംഗണവാടികൾ ഹൈടെക് നിലവാരത്തിൽ എത്തിക്കണം.
4. ഗ്രാമങ്ങളിൽ പുതിയ റോഡുകൾ നടപ്പാതകൾ എന്നിവ നിർമിക്കണം. മുഴുവൻ കുടുംബങ്ങൾക്കും റോഡുമായുള്ള ബന്ധം സ്ഥാപിക്കാൻ കഴിയണം.
5. വേളത്ത് പ്രധാന റോഡുകളിൽ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. ഈ പദ്ധതികൾ അടുത്ത 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ജനകീയാസൂത്രണ പദ്ധതികൾ വഴി നമുക്ക് സാദിക്കണം.

# ദുരന്ത നിവാരണം

**പദ്ധതിക്കായി ചിലവാക്കിയ ഫണ്ട് : 300000/-**

പ്രൊജക്റ്റുകൾ

കയർ

ലൈഫ് ജാക്കറ്റ്

നെറ്റ്

മൈക്രോ ഫോൺ

എമർജൻസി

റെയിൻകോട്ട്

ബാഡ്ജ്

ലൈഫ് ബോയ്

ചെയിൻ സൊ

യൂണിഫോം